No.AWF-PCL-4/484/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
പൂജപ്പുര, തിരുവനന്തപുരം
30.11.15

# സർക്കുലർ

സർ,

**വിഷയം:** സാ.നീ.വ- അങ്കണവാടി പ്രവർത്തകർ- പെൻഷൻ - സംബന്ധിച്ച്-
**സൂചന** : സാ.നീ.വ - സ്പെഷ്യൽ സെക്രട്ടറിയുടെ 25.11.15 ലെ മീറ്റിംഗ്

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ പദ്ധതി, നിലവിൽ അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേർസ് വെൽഫയർ ഫണ്ട് ബോർഡിൽ ലഭ്യമായ തുക ഉപയോഗിച്ച് നൽകി വരുന്നു. ഇത് വർക്കർക്ക് 500 രൂപയും ഹെൽപ്പർക്ക് 300 രൂപയുമാണ്. ക്ഷേമനിധിയിൽ അംഗത്വവും 10 വർഷം സർവ്വീസും 62 വയസ്സാകുമ്പോൾ സർവ്വീസിലും ഉള്ള അങ്കണവാടി പ്രവർത്തകർക്ക് ഈ പെൻഷൻ ലഭ്യമാണ്.

അങ്കണവാടി പ്രവർത്തകർ ഉൾപ്പെടെയുള്ളവർക്കായി കേന്ദ്ര സർക്കാർ **അടൽ പെൻഷൻ യോജന** എന്ന പേരിൽ പുതിയ പെൻഷൻ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഇതനുസരിച്ച് 60 വയസ്സ് പൂർത്തിയാകുമ്പോൾ 1000 രൂപാ മുതൽ 5000 രൂപാ വരെ പെൻഷൻ ലഭിക്കും. അതിനാൽ 40 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും അടൽ പെൻഷൻ യോജനയിൽ അംഗങ്ങളായി ചേർക്കേണ്ടതുണ്ട്. പെൻഷനു വേണ്ടി മാസ വിഹിതമായി അടയ്ക്കേണ്ട തുക അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് പിടിയ്ക്കുന്നതാണ്.

കൂടാതെ അങ്കണവാടി ക്ഷേമനിധിയിലേയ്ക്ക് പ്രതിമാസം അടയ്ക്കുന്ന തുകയുടെ 50% തുക അതാത് അംഗങ്ങളുടെ പെൻഷൻ അധിക വരിസംഖ്യയായി പ്രതിമാസം അടയ്ക്കാവുന്നതുമാണ്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

അടൽപെൻഷൻ പദ്ധതിയിൽ ചേരുന്നതിന്റെ ആദ്യപടിയായി എല്ലാ അങ്കണവാടി വർക്കർമാരും അങ്കണവാടി ഹെൽപ്പർമാരും ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതാണ്. നിലവിലുള്ള അക്കൗണ്ട് തന്നെ ഇക്കാര്യത്തിന് ഉപയോഗിയ്ക്കുന്നതിന് ബാങ്ക് മാനേജർക്ക് അപേക്ഷ നൽകേണ്ടതാണ്.

60 വയസ്സാകുന്നതിന് മുമ്പ് മരണപ്പെടുകയാണെങ്കിൽ അടച്ച തുക ഭർത്താവിനോ നോമിനിയ്ക്കോ നൽകുന്നതാണ്. 60 വയസ്സാകുന്ന മുറയ്ക്ക് പെൻഷൻ ലഭിയ്ക്കുവാനായി അപേക്ഷ നൽകേണ്ടതാണ്. പെൻഷനായ ശേഷം മരണപ്പെട്ടാൽ തുടർന്ന് പെൻഷൻ തുക ഭർത്താവിന് നോമിനിയ്ക്ക് ലഭിയ്ക്കുന്നതാണ്. കൂടാതെ പെൻഷൻ വെൽത്ത് തുകയും (പെൻഷൻ സമൃദ്ധി നിധിയായി 8.5 ലക്ഷം രൂപയും) നോമിനിയ്ക്ക് ലഭിക്കും.

PDF processed with CutePDF evaluation edition www.CutePDF.com

**അപേക്ഷിയ്ക്കേണ്ട വിധം**

18-40 പ്രായത്തിലുള്ള അങ്കണവാടി പ്രവർത്തകർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്ന് ആട്ടോ ഡെബിറ്റ് സൗകര്യം ഉപയോഗിച്ച് 1000 രൂപാ മുതൽ 5000 രൂപാ വരെ പെൻഷൻ ലഭിക്കുന്ന പദ്ധതിയിൽ ചേരുന്നതിന് ദേശസാൽകൃത ബാങ്കിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷാ ഫാറം ബാങ്കിൽ നിന്നും ലഭിക്കുന്നതാണ്.

**2015 ഡിസംബർ 15 ന്** മുമ്പ് അടൽ പെൻഷൻ പദ്ധതിയിൽ ചേരുന്നവർക്ക് 1000 രൂപാ വരെ അടുത്ത 5 വർഷക്കാലം കേന്ദ്ര സർക്കാർ വിഹിതമായി നൽകുന്നതാണ്.

അടൽ പെൻഷൻ യോജന പ്രകാരം 18 വയസ്സുള്ളയാൾക്ക് 5000 രൂപാ പെൻഷൻ ലഭിക്കുന്നതിന് പ്രതിമാസം 210 രൂപാ മാസവരിയായി നൽകേണ്ടതാണ്. 39 വയസ്സുള്ളയാൾക്ക് 5000 രൂപാ പെൻഷൻ ലഭിക്കുന്നതിന് മാസവരിയായി 1318 രൂപാ അടയ്ക്കേണ്ടതുമാണ്.

മാസവരി സംബന്ധിച്ച് അംഗങ്ങളായി ചേരുന്നവരുടെ പ്രായം അനുസരിച്ച് 5000രൂപാ പെൻഷൻ ലഭിക്കുന്നതിനായി വിവിധ തുക അടയ്ക്കുന്നതിനായുള്ള ചാർട്ട് റഫറൻസിനായി ഉള്ളടക്കം ചെയ്യുന്നു.

അതിനാൽ 40 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ അങ്കണവാടി വർക്കർമാരും അങ്കണവാടി ഹെൽപ്പർമാരും അടൽ പെൻഷൻ യോജനയിൽ ചേരേണ്ടതാണ്. എല്ലാ അങ്കണവാടി പ്രവർത്തകരും ഒന്നിച്ച് **(ഡിസംബർ 8-ാം തീയതി അങ്കണവാടി വർക്കർമാരും 9-ാം തീയതി ഹെൽപ്പർമാരും)** അടുത്തുള്ള ദേശസാൽകൃത ബാങ്കിൽ സി.ഡി.പി.ഒ യുടെയോ സൂപ്പർവൈസറുടെയോ നേതൃത്വത്തിൽ എത്തി അടൽ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായി ചേരേണ്ടതാണ്. മാസവിഹിതം ഓരോ അംഗത്തിന്റെയും പ്രായം അനുസരിച്ച് തീരുമാനിയ്ക്കാവുന്നതും അത് ബാങ്ക് അക്കൗണ്ടിൽ നിന്നും ആട്ടോ ഡെബിറ്റ് ആകുന്ന വിധമായിരിയ്ക്കേണ്ടതുമാണ്. 40 വയസ്സിൽ താഴെ പ്രായമുള്ള മുഴുവൻ അങ്കണവാടി പ്രവർത്തകരെയും അടൽ പെൻഷൻ പദ്ധതിയിൽ 9.12.15 ന് മുമ്പ് തന്നെ ചേർക്കേണ്ടതും ഇക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഫോർ സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ് :
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ സംയോജിത ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും
സ്റ്റോക്ക് ഫയൽ

# CONTRIBUTION CHART

| | | Minimum Guaranteed Pension of Rs. 1000/month | | | Minimum Guaranteed Pension of Rs.2000/month | | | Minimum Guaranteed Pension of Rs.3000/month | | | Minimum Guaranteed Pension of Rs.4000/month | | | Minimum Gu Pension 5000/m | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Indicative Return of Corpus Amount to the Nominee | | Rs. 1.7 Lakh | | | Rs. 3.4 Lakh | | | Rs. 5.1 Lakh | | | Rs. 6.8 Lakh | | | Rs. 8.5 | |
| Age at entry | Vesting period | Monthly contribution | Quarterly contribution | Half yearly contribution | Monthly contribution | Quarterly contribution | Half yearly contribution | Monthly contribution | Quarterly contribution | Half yearly contribution | Monthly contribution | Quarterly contribution | Half yearly contribution | Monthly contribution | Quarterly contribution |
| 18 | 42 | 42 | 125 | 248 | 84 | 250 | 496 | 126 | 376 | 744 | 168 | 501 | 991 | 210 | 626 |
| 20 | 40 | 50 | 149 | 295 | 100 | 298 | 590 | 150 | 447 | 885 | 198 | 590 | 1169 | 248 | 739 |
| 25 | 35 | 76 | 226 | 449 | 151 | 450 | 891 | 226 | 674 | 1334 | 301 | 897 | 1776 | 376 | 1121 |
| 30 | 30 | 116 | 346 | 685 | 231 | 688 | 1363 | 347 | 1034 | 2048 | 462 | 1377 | 2727 | 577 | 1720 |
| 35 | 25 | 181 | 539 | 1068 | 362 | 1079 | 2136 | 543 | 1618 | 3205 | 722 | 2152 | 4261 | 902 | 2688 |
| 39 | 21 | 264 | 787 | 1558 | 528 | 1574 | 3116 | 792 | 2360 | 4674 | 1054 | 3141 | 6220 | 1318 | 3928 |